**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521** **13-02-2024 - ൽ മറുപടിയ്ക്ക്**

**എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ജി.എസ്.ടി ഇനത്തിൽ ഇരുപത്തയ്യായിരം കോടി രൂപ സംസ്ഥാനം നഷ്ടപ്പെടുത്തിയെന്ന് നിരീക്ഷിക്കുന്നതായി പറയപ്പെടുന്ന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ അഞ്ചാമത്തേയും ആറാമത്തെയും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20,2020-21,2021-22 വർഷങ്ങളിലെ അന്തിമ റിപ്പോർട്ട് ഇപ്പോൾ തയ്യാറാക്കി വരികയാണ്. കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ 7-ാം വകുപ്പ്, കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങൾ 2005-ലെ ചട്ടം-9 (1) എന്നിവ പ്രകാരം സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിന്മേലുള്ള പുനഃപരിശോധന സംബന്ധിച്ച ഒരു റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ മാസത്തിന് മുൻപായി ഇതിനായി നിയോഗിക്കപ്പെട്ട പൊതുവ്യയ പുനഃപരിശോധന കമ്മിറ്റി സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. നിലവിലെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20,2020-21,2021-22 വർഷങ്ങളിലെ അന്തിമ റിപ്പോർട്ട് ഇപ്പോൾ തയ്യാറാക്കി വരികയാണ്. കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ 7-ാം വകുപ്പ്, കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങൾ 2005-ലെ ചട്ടം-9 (1) എന്നിവ പ്രകാരം സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിന്മേലുള്ള പുനഃപരിശോധന സംബന്ധിച്ച ഒരു റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ മാസത്തിന് മുൻപായി ഇതിനായി നിയോഗിക്കപ്പെട്ട പൊതുവ്യയ പുനഃപരിശോധന കമ്മിറ്റി സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. നിലവിലെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും. |
| (സി) | റിപ്പോർട്ട് അംഗീകരിക്കാത്തതിനെ തുടർന്ന് കമ്മിറ്റി ചെയർമാൻ രാജി സമർപ്പിച്ചു എന്ന ആക്ഷേപം | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | വസ്തുതാപരമാണോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ